മിസ്റ്റർ കെ. എസ്സ്. പണിക്കർ : മണ്ണുകൊണ്ടും പുല്ലുകൊണ്ടും ഉണ്ടാക്കിയ ബണ്ടിനു് എത്ര ചിലവു വരും? ഇതു പഞ്ചായത്തിൽനിന്നു നേരിട്ടു ചെയ്തതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അങ്ങിനെ ഞാൻ പറഞ്ഞില്ലല്ലോ.

മിസ്റ്റർ ജോസ് കെ. വഗീസ്സ് : രണ്ടായിരം ഉറുപ്പികയിൽ കൂടുതൽ ചിലവു ചെയ്തിട്ടുണ്ടെന്നു കടലാസ്സിൽ കണ്ടതു .....

മിസ്റ്റർ പറമ്പി ലോനപ്പൻ : വേറെ പല പണികളും നടന്നുപോയിട്ടുണ്ടു്.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ : നെല്ലിയാമ്പതി മലംപ്രദേശമോ, സാധാരണ പ്രദേശമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഞാൻ പോയി നോക്കിയതിൽ മലംപ്രദേശമായിട്ടാണു് എനിക്കു മനസ്സിലായിട്ടുള്ളതു്.

മിസ്റ്റർ ടി. കെ. നായർ : പഞ്ചായത്തുഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : പരിശോധിച്ചു.

മിസ്റ്റർ ടി. കെ. നായർ : അദ്ദേഹത്തിന്റെ റിപ്പോർട്ടുണ്ടോ, ശരിക്കുണ്ടെന്നു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ടു്.

മിസ്റ്റർ ടി. കെ. നായർ : നെല്ലിയാമ്പതിയിൽ വളരെ അഴിമതികൾ നടക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റുപ്രസംഗത്തിൽ പ്രസ്താവിച്ച സ്ഥിതിക്കു ഗവൺമെണ്ടിനു് ചീഫ് എഞ്ചിനീയറെ അയച്ചു ഗൌരവമായി അന്വേഷണം നടത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : പഞ്ചായത്തു ഡയറക്ടർ, സീനിയർ മോസ്റ്റ്- അസിസ്റ്റന്റു എഞ്ചിനീയരല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതെ.

JACK AND MANGO TREES—CUTTING OF

134. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഈ രാജ്യത്തിൽ പ്ലാവുമരങ്ങൾ അനുവാദം കൂടാതെ മുറിച്ചുകൂടാ എന്നുള്ള നിയമം എന്നു മുതൽ നടപ്പിൽവരുത്തി;

(ബി) ഈ നിയമം നടപ്പിൽ വന്നതിനുശേഷം ക ക൨ ൦ മിഥുനം ന൨-ാംതു-ക്കകമായിട്ടു ആകെ എത്ര മാവുകളും എത്ര പ്ലാവുകളും മുറിക്കുന്നതിനു അപേക്ഷകൾ ഗവർമ്മെണ്ടിലേക്കു സിദ്ധിച്ചിട്ടുണ്ടു്;

(സി) ക ക൨ ൦ മിഥുനം ന൨-ാംതു-ക്കകമായിട്ടു ആകെ ഓരോ താലൂക്കിലും എത്ര മാവുകളും എത്ര പ്ലാവുകളും മുറിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ടു്;

(ഡി) മേൽകാണിച്ച വൃക്ഷങ്ങൾ മുറിക്കുവാൻ അനുവാദം നൽകുന്നതിലേക്കു ഗവൺമെണ്ടിൽനിന്നും വല്ല ഫീസും വസൂൽചെയ്യുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു;

(എഫ്) ഇപ്രകാരം ഒരു നിയമം അയൽരാജ്യമായ തിരുവിതാംകൂറിലോ, ബ്രിട്ടീഷിന്ത്യയിലോ നടപ്പിലുണ്ടോ;

(ജി) ഈ നിയമം ഇവിടെ നടപ്പിൽ വരുത്തിയതിന്റെ ഉദ്ദേശമെന്തു?

മിസ്റ്റർ പറമ്പിലോനപ്പൻ :

(എ) ക കവ൨ മേടം ക ൧-ാംതു- മുതൽ നടപ്പിൽ വരുത്തി (G. P. D.) 5—18463/18, dated 13th April 1943.

(ബി) ക ക൨ ൦ എടവം ന൨-ാംതു- വരെ ആകെ ൪, ൧ ൦ ന അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

(സി) ക ക൨ ൦ എടവം ന൨-ാംതു- വരെ മാവും, പ്ലാവും, പുളിയും അടക്കം ആകെ കൊച്ചികണയന്നൂർ താലൂക്കിൽ ന ൪ ക-ം, കൊടുങ്ങല്ലൂർ താലൂക്കിൽ ൨ ന ൪-൦, മുകുന്ദപുരം താലൂക്കിൽ. ന, ന ൪ ൪-ം, തൃശ്ശിവപേരൂർ താലൂക്കിൽ ക,ൻ ൦ ൪-ം, തലപ്പിള്ളി താ

LIBRARY ARCHIVES Kerala Legislative Assembly

ലൂക്കിൽ ഫ, ൻ ഫ വ-ം, ചിറയൂർ താലൂക്കിൽ ൪ വ൪-ം, മരങ്ങൾ മുറിക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം ആവശ്യമില്ല.

(എഫ്) നിശ്ചയമില്ല.

(ജി) ഫ ഫ ഫന്ു-ൽ ഉണ്ടായ ഭയങ്കരകൊടുങ്കാറ്റിനാൽ രാജ്യത്തിലെ ഒട്ടനേകം ഫലവൃക്ഷങ്ങൾ വീണുപോയി. കൂടാതെ ജനങ്ങൾ വിറകിനേറെയും മറ്റും ആവശ്യങ്ങൾക്കായി ധാരാളം ഫലവൃക്ഷങ്ങൾ മുറിച്ചുനീക്കുന്നുണ്ടായിരുന്നു. ആയതുകൊണ്ടു രാജ്യത്തിൽ ഭക്ഷണസാധനങ്ങൾക്കു ക്ഷാമം വരാതിരിക്കുന്നതിനു് ഗവർമ്മേണ്ടിൽനിന്നു പലേനടപടികളും എടുത്തകൂട്ടത്തിൽ ഫലവൃക്ഷങ്ങൾ ഗവർമ്മെണ്ടനുവാദം കൂടാതെ മുറിക്കരുതു എന്നു നിയമവും നടപ്പിൽവരുത്തി. അതിന്റെ പ്രധാനഉദ്ദേശം ജനങ്ങൾക്കു പുറരാജ്യങ്ങളിൽനിന്നും കിട്ടിയിരുന്ന ഭക്ഷണസാധനങ്ങൾ കിട്ടാതിരിക്കുന്ന സന്ദർഭങ്ങളിൽ ചക്ക, മാങ്ങ മുതലായ ഫലങ്ങൾ വേണ്ടതു നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ട ആവശ്യത്തിനാണു്.

മിസ്റ്റർ പി. മാണി: ചോദ്യം ബി.യിൽ ഞാൻ ചോദിച്ചിരിക്കുന്ന ചോദ്യത്തിനുള്ള മറുപടിയാണോ ഉത്തരം ബി.യിൽ പറഞ്ഞിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതാണല്ലൊ മറുപടി.

മിസ്റ്റർ പി. മാണി: എത്ര മാവുകളും എത്ര പ്ലാവുകളും മുറിക്കുന്നതിനുള്ള അപേക്ഷകൾ കിട്ടീട്ടുണ്ടെന്നാണു ചോദ്യം?

മിസ്റ്റർ പറമ്പി ലോനപ്പൻ: എത്ര അപേക്ഷകൾ ഗവൺമ്മെണ്ടിലേക്കു സിഫാർശ ചെയ്തിട്ടുണ്ടു് എന്നാണു ചോദ്യമെന്നു തോന്നുന്നു. എത്ര പ്രാവശ്യം മുറിക്കുന്നതിനു് അപേക്ഷ കിട്ടീട്ടുണ്ടെന്നു ചോദ്യത്തിൽ കാണുന്നില്ല.

മിസ്റ്റർ പി. മാണി: എത്ര മാവുകളും എത്ര പ്ലാവുകളും എന്നാണു ചോദിച്ചിരിക്കുന്നതു്. മാവുകളുടേയും പ്ലാവുകളുടേയും എണ്ണമാണോ മറുപടിയിൽ പറഞ്ഞിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചോദ്യംകൊണ്ടു് അങ്ങിനെയാണു മനസ്സിലായതു്. ഇനി അതിനെപ്പറ്റി ആലോചിച്ചു വേറെ മറുപടി പറയാം.

മിസ്റ്റർ പി. മാണി: ഇപ്പോൾ മറുപടി പറയുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പ്രയാസമാണു്.

മിസ്റ്റർ പി. മാണി: ഇതിൽ പറഞ്ഞിരിക്കുന്ന സംഖ്യ മാവും പ്ലാവുംകൂടി മുറിച്ചിട്ടുള്ളതിന്റെ കണക്കാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. മാണി: അതു് ഒന്നു വേർതിരിച്ചു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രയാസമുണ്ടു്.

മിസ്റ്റർ പി.എ. മഹമ്മദ് അഷ്റഫ്: നമ്മുടെ ഭക്ഷണവകുപ്പ് ഇപ്പോൾ കുറച്ചു് ആശാസ്യമായ നിലയിലാണല്ലോ. അതുകൊണ്ടു് ഈ വൃക്ഷങ്ങളെ സംബന്ധിക്കുന്ന നിയമം എടുത്തുകളഞ്ഞുകൂടേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: മുകുന്ദപുരം താലൂക്കിൽ ന, ന ൪ ൪ മരങ്ങൾ മുറിച്ചിട്ടുള്ളതു് ആദ്യം മുറിച്ചതോ, രണ്ടാമതു മുറിച്ചതോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആകെ മുറിച്ച മരങ്ങളുടെ എണ്ണമാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അഞ്ചാറു മരങ്ങൾ മുറിക്കുവാൻ വേണ്ടി ഒരപേക്ഷ, ഇങ്ങിനെയുള്ള അപേക്ഷകൾ കിട്ടീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കിട്ടീട്ടുണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതുപ്രകാരം മുറിക്കുവാൻ അനുവദിച്ചിട്ടുള്ള വൃക്ഷങ്ങളാണോ ഇതിൽ പറഞ്ഞിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആകെ കിട്ടിയ അപേക്ഷകൾ ൪, ൧ ൦ ന എണ്ണമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ചക്ക, മാങ്ങ മുതലായ സാധനങ്ങൾ ഫ്രീയ്ക്ക് കിട്ടുവാനുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ ഇപ്പോൾ വളരെ ദേദപ്പെട്ടിട്ടില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വളരെയില്ല. കുറച്ചുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അങ്ങിനെ കുറെ വന്നിട്ടുള്ള വ്യത്യാസംകൊണ്ട്, അരി തരാതിരി കിട്ടിവരുന്ന ഇക്കാലത്ത് ഈ നിബ്ബന്ധത്തിന്റെ ആവശ്യമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചക്കയും മാങ്ങയും തിന്നുവാൻ നല്ലതാണ്. പക്ഷെ അതില്ലാതെ അരി മാത്രം തിന്നുവാൻ സാധ്യമല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ചക്കയും മാങ്ങയും തിന്നുവാൻ കിട്ടാത്ത കാലമില്ല:

മിസ്റ്റർ പറമ്പി ലോനപ്പൻ: അരി കിട്ടാത്ത കാലത്തു ചക്കയും മാങ്ങയുമുണ്ടെങ്കിൽ അതു തിന്നാമല്ലോ. ചക്കയും മാങ്ങയും കിട്ടാത്ത കാലത്തു് അരിയും ഭക്ഷിക്കാം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ചക്കയും മാങ്ങയും ഇല്ലാത്തകാലത്തു് അരി കിട്ടാതെപോയാൽ എങ്ങിനെയാണ് ക്ഷേണം കഴിക്കുക?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിനുള്ള മറുപടി ഞാൻ ഇന്നലെ ഇവിടെ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ചക്കയും മാങ്ങയും തിന്നാൽ കയ്പുതോന്നുന്ന സാധനങ്ങളാണെന്നു ഗവർമെന്റു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പറയാൻ ഗവർമെന്റിനു ശക്തിയില്ല.

മിസ്റ്റർ ജോസ്. കെ. വറുഗീസ്: ചക്കയും മാങ്ങയും ഇല്ലാത്തകാലത്തല്ലേ കൊള്ളിക്കിഴങ്ങു കൃഷി ചെയ്തു തുടങ്ങിയതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ചെടികളുടെ കൂട്ടത്തിൽ പെട്ടതാണ്. മരമല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അരിക്ഷാമകാലം ചക്കയും മാങ്ങയും കൊള്ളിയും മാത്രം കൊണ്ടു് ഉപയോഗമില്ലെന്നു് അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൊള്ളിക്കിഴങ്ങു മാത്രം ഉപയോഗിക്കുവാൻ പാടില്ലായ്കയില്ല.

മിസ്റ്റർ പി. മാണി: ക്ഷേണക്ഷാമത്തിനു് ഒരു വ്യത്യാസംവരുമെന്നു വിചാരിച്ചാണ് കൃഷി ഉദ്യോഗസ്ഥന്മാർ മരങ്ങൾ മുറിക്കുവാൻ അനുവാദം കൊടുത്തതു്, അല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് കായ്ക്കാത്ത മാവും പ്ലാവും തായ്യുകൊണ്ടാണ് അങ്ങിനെ അനുവാദം കൊടുത്തതു്.

മിസ്റ്റർ പി. മാണി: ഈ അപേക്ഷകളെല്ലാം വൃക്ഷങ്ങളിൽ നിന്നും അനുഭവമുള്ള കാലത്തു പരിശോധിച്ചുവോ, അനുഭവമില്ലാത്ത കാലത്തു പരിശോധിച്ചുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അനുഭവമുള്ള കാലമായിരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അനുഭവമില്ലാത്തവയാണെന്നു് വൃക്ഷങ്ങളുടെ ഉടമസ്ഥന്മാരിൽ നിന്നു് അപേക്ഷകൾ വന്നതിനുശേഷമല്ല മുറിക്കുവാൻ അനുവാദം കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

NURSES QUARTERS—ERNAKULAM

135. മിസ്റ്റർ കെ. പങ്കു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമെന്റുസഭയും മറുപടി പറയുമോ.—

(എ) എറണാകുളം നേഴ്സ് കോർട്ടേഴ്സിൽ എത്ര നെഴ്സ്മാർക്കു് താമസിക്കുവാൻ സൌകര്യമുണ്ടു്;

(ബി) ഇപ്പോൾ അവിടെ എത്രപേർ താമസമുണ്ടു്;

(സി) നെഴ്സ്മാർ അല്ലാത്ത സൂതികർമ്മിണികൾക്കും സ്ത്രീ കമ്പൌണ്ടർമാർക്കും അവിടെ താമസിക്കുവാൻ സൌകര്യമുണ്ടോ, ഉണ്ടെങ്കിൽ;

(ഡി) അവിടെ താമസിക്കുവാൻ വിരോധമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly